**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6516 — 08.11.2016 ൽ മറുപടിക്ക്

## ഡയാലിസിസ് യൂണിറ്റുകൾ

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഡയാലിസിസ് ചെയ്തുവരുന്ന രോഗികൾക്ക് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളുടെ പരിമിതിമൂലം മൂന്നോ നാലോ തവണ ഡയാലിസിസ് ചെയ്തശേഷം സ്വകാര്യ ആശുപത്രികളിലേക്ക് മാറേണ്ടി വരുന്ന സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥിരമായി ഡയാലിസിസ് ആവശ്യമുള്ള രോഗികളെ മൂന്നോ, നാലോ ഡയാലിസിസ് ചെയ്ത ശേഷം, മെയിന്റനൻസ് ഡയാലിസിസിന്റെ വെയിറ്റിംഗ് ലിസ്റ്റിൽ പേര് രജിസ്റ്റർ ചെയ്ത് സ്ലോട്ട് ലഭ്യമാകുന്നതുവരെ വീടിനടുത്തുള്ള സർക്കാർ/സ്വകാര്യ ആശുപത്രികളിലേയ്ക്ക് നിർദ്ദേശം നൽകുകയാണ് ചെയ്യുന്നത്. ഇവിടെ 11 ഡയാലിസിസ് മെഷീനിൽ 3 ഷിഫ്റ്റ് ചെയ്തിട്ടും കൂടുതൽ രോഗികളുള്ളതുമൂലമാണ് ഇതു ചെയ്യുന്നത്. എന്നാൽ താൽക്കാലിക വൃക്ക തകരാറുള്ള രോഗികൾക്ക് ഡയാലിസിസ് വേണ്ടി വന്നാൽ രോഗം പൂർണ്ണമായും ഭേദമാകുന്നതുവരെയുള്ള ഡയാലിസിസ് ഇവിടെ ലഭ്യമാക്കുന്നതാണ്. |
| (ബി) | പ്രധാനപ്പെട്ട എല്ലാ സർക്കാർ ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ചില താലൂക്കാശുപത്രികളിലും ഡയാലിസിസ് സൗകര്യം ലഭ്യമാണ്. സർക്കാരിന്റെ മാന്ദ്യ-വിരുദ്ധ പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള വിവിധ തലത്തിലുള്ള 44 ആശുപത്രികളിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. |
| (സി) | സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് നടത്തുന്ന നിർദ്ധനരായ രോഗികളുടെ ചികിത്സാചെലവ് സർക്കാർ വഹിക്കുന്നതിന് നടപടി എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ചില സ്വകാര്യ ആശുപത്രികളിലും കാരുണ്യ, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളായ RSBY യും Chis Plus ലഭ്യമാണ്. കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും 2,00,000 രൂപയും RSBY മുഖേന 30,000 രൂപയും Chis Plus മുഖേന 70,000 രൂപയും ഈ രീതിയിൽ ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ